# 2016 നവംബർ 3 ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയം

കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷക്ക് ഭീഷണിയായി തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കം വന്ന റെയിൽ പാളങ്ങൾ പുനഃസ്ഥാപിക്കുന്നതിനും റെയിലുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നും, പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ അനുവദിക്കണമെന്നും ട്രെയിൻ ഓടിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമുള്ള ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള റെയിൽവേയിലെ നിർണ്ണായക തസ്തികകളിൽ നിലവിലുള്ള മൂവായിരത്തോളം ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തണമെന്നും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകണമെന്നും കേരളത്തോടുള്ള അവഗണന അവസാനിപ്പിച്ച് കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളായ പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളും റെയിൽ ബജറ്റിൽ പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പാക്കാത്തതുമായ പദ്ധതികളും നടപ്പിലാക്കണമെന്നും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കണമെന്നും നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്‌ലറ്റുകൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്നും നേമം റെയിൽവേ സ്റ്റേഷൻ സാറ്റലൈറ്റ് ടെർമിനലായി ഉയർത്തണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്നും ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശങ്ക അകറ്റണമെന്നും മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.